പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1880 — 17.06.2013-ൽ മറുപടിക്ക്.

# പോലീസ് സേനാ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |

(എ) പോലീസ് സേനാ നവീകരണത്തിനായി ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് :

(എ) MoPF സ്കീം: കേന്ദ്രാവിഷ്കൃത പദ്ധതിയായ പോലീസ് ആധുനികവൽക്കരണ പദ്ധതി പ്രകാരം 2011-12, 12-13 കാലഘട്ടത്തിൽ പോലീസ് വകുപ്പിന് താഴെപ്പറയുന്ന രീതിയിൽ ഫണ്ട് ലഭിച്ചിട്ടുള്ളതാണ്.

2011-12 കേന്ദ്രവിഹിതം - 2682 ലക്ഷം രൂപ.
സംസ്ഥാന വിഹിതം - 894 ലക്ഷം രൂപ.

2012-13 കേന്ദ്രവിഹിതം - 819 ലക്ഷം രൂപ.
സംസ്ഥാന വിഹിതം - 546 ലക്ഷം രൂപ

i) ഇതിൽ 2011-12-ൽ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളും, പോലീസ് ക്വാർട്ടേഴ്സുകളും നിർമ്മിക്കുന്നതിനായി 816 ലക്ഷം രൂപ കെ.പി.എച്ച്.സി.സി.യ്ക്ക് നൽകുകയും ഇവയുടെ പണികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയുമാണ്.

ii) സംസ്ഥാന പോലീസ് ഫോറൻസിക് ലബോറട്ടറിയ്ക്കുവേണ്ടി കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായി കണ്ടുപിടിക്കുന്നതിനായി 156 ലക്ഷം രൂപ ടി സ്കീമിൽ ഉൾപ്പെടുത്തി ആഡിയോ വീഡിയോ അനാലിസിസ് എന്ന ഉപകരണം സ്ഥാപിച്ചിട്ടുള്ളതാണ്.

iii) എല്ലാ ജില്ലകളെയും ബന്ധിപ്പിച്ചുകൊണ്ട് 192 ലക്ഷം രൂപ ചെലവാക്കി വീഡിയോ കോൺഫറൻസിംഗ് സിസ്റ്റം നടപ്പിലാക്കി.

iv) 74 ലക്ഷം രൂപ ചെലവിൽ ആട്ടോമേറ്റഡ് ചെല്ലാൻ ജനറേറ്റർ വാങ്ങി ഉപയോഗിച്ചുവരുന്നു.

(മറുപുറം)

v) ട്രാഫിക് സുരക്ഷയുടെ ഭാഗമായി പുതുതായി 50 ട്രാഫിക് സുരക്ഷ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

vi) ബി.ഒ.ടി. അടിസ്ഥാനത്തിൽ കെൽട്രോൺ മുഖേന സംസ്ഥാനത്ത് ട്രാഫിക് സുരക്ഷയുടെ ഭാഗമായി സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. (50 സ്ഥലങ്ങളിലായി 100 ക്യാമറകൾ)

vii) പോലീസ് സ്റ്റേഷനുകളുടെയും ഓഫീസുകളുടെയും സുഗമമായ പ്രവർത്തനങ്ങൾക്കായി 327 വാഹനങ്ങൾ പുതുതായി വാങ്ങി നൽകിയിട്ടുണ്ട്.

13-ാം ധനകാര്യ കമ്മീഷൻ അവാർഡ്: 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച 25 കോടി രൂപ വീതം (50 കോടിരൂപ) പോലീസ് വകുപ്പിന്റെ കാര്യശേഷിയും ഫലപ്രാപ്തിയും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്ററുകൾ വിനോദ സഞ്ചാര സുരക്ഷാ കേന്ദ്രങ്ങൾ, മുതിർന്ന പൗരന്മാർക്കുള്ള സേവന കേന്ദ്രങ്ങൾ മുതലായ നിർമ്മാണ പ്രവർത്തനങ്ങൾ കെ.പി.എച്ച്.സി.സി. മുഖേന നിർമ്മിച്ച് നടപ്പിലാക്കിവരുന്നു. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ ഉൾപ്പെട്ട (150 ലക്ഷം രൂപ) ഇലക്ട്രോണിക് ബീറ്റ് സംവിധാനം 7 ജില്ലകളിൽ നടപ്പിലാക്കി വരുന്നു. (തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ, കൊച്ചി സിറ്റി, എറണാകുളം റൂറൽ, കൊല്ലം സിറ്റി, കോഴിക്കോട് സിറ്റി, കോട്ടയം)

(ബി) ഉപയോഗയോഗ്യമായ ജീപ്പില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ :

: (ബി) പഴക്കമേറിയതും കാര്യക്ഷമതയില്ലാത്തതുമായ ജീപ്പുകൾ ഉപയോഗിച്ച് വരുന്നതായ 13' പോലീസ് സ്റ്റേഷനുകളുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ജീപ്പുകൾ പുതിയത് നല്കുന്നത് എന്തെല്ലാം മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ?

: (സി) കാലപ്പഴക്കത്തിന്റെയും ക്രൈം കേസുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ജീപ്പുകൾ നൽകുന്നത്.

സെക്ഷൻ ഓഫീസർ